SINCE 2008




ചാർമി കൗർ
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTARLY) Magazine
2018 AUGUST, SEPTEMBER, OCTOBER
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 1 volume 1
Managing Editor, Publisher &
Owned by
Nakshthrarajyam E.Radhakrishnan
Edoli House, Kommeri **P.O**
Kozhikode- 673007,Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E.Radhakrishnan

**Cover**
**Color Campus - Calicut**
**Price 10.00**

**എഡിറ്റോറിയൽ**




## തൂണിലും തുരുമ്പിലും

"തൂണിലും തുരുമ്പിലും ഈശ്വരൻ വസിക്കുന്നു". മുൻകാലങ്ങളിൽ ജീവിച്ചിരുന്ന മഹാത്മാക്കളുടേയും ആദരണീയരായ ഗുരുക്കന്മാരുടേയും, ആത്മീയസന്യാസിവര്യന്മാരുടേയും, അതുപോലെ ആത്മീയത ആചരിക്കുന്ന ആചാര്യന്മാരുടേയും ചിന്താസരണിയിൽ നിന്നും ഉത്ഭവിക്കുന്ന വാക്കുകൾ. തലമുറ തലമുറയായി നാം കേട്ടുവളർന്ന "അദൃശ്യനായി കർമ്മം ചെയ്യുന്ന ദൈവത്തിനെ" കുറിച്ച് നമുക്കുള്ള അറിവ്. ചിലർ അവിശ്വാസികളാകുന്നു. അനുഭവസ്ഥർ വിശ്വാസികളാകുന്നു. ചിലർ ധനം മോഹിച്ചും-നിത്യവൃത്തിക്കും വേണ്ടി വിശ്വാസിയായും ആൾ ദൈവമായും അഭിനയിക്കുന്നു. ധനമോഹത്താൽ ദൈവവിശ്വാസം അഭിനയിക്കുന്നവർ എപ്പോഴും ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ശത്രുപക്ഷത്തു നില്ക്കുക സ്വാഭാവികം. അത് ദൈവത്തെ മുൻനിർത്തി നിത്യവൃത്തി ചെയ്യുന്നവരായാലും അവരുടെ ചായ്‌വും ചെയ്തികളും യഥാർത്ഥ വിശ്വാസികളുടേയും ദൈവഭക്തന്മാരുടേയും വിശ്വാസപ്രമാണങ്ങൾക്ക് എതിരാണോ എന്ന് കൂടി യഥാർത്ഥ ഭക്തർ ചിന്തിക്കേണ്ടതുണ്ട്. അതുമല്ലെങ്കിൽ യഥാർത്ഥ ഭക്തരുടെ ശത്രുപക്ഷത്ത് നിലയുറക്കുന്നവരാണോ അവർ എന്നെങ്കിലും വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതായുണ്ട്...

ഭാരതീയ ഹിന്ദു ആത്മീയ സംസ്ക്കാരങ്ങളിൽ ശിവനും, വിഷ്ണുവും, ബ്രഹ്മാവും, ശ്രീ ധർമ്മശാസ്താവും, ശ്രീ മുരുകനും, ശ്രീ മഹാലക്ഷ്മിയും, ശ്രീ മഹാസരസ്വതിയും ഉൾപ്പെടെ അനേകം ഈശ്വര വിഗ്രഹാരാധനയും, ദേവിദേവ സേവയും ചെയ്യുന്ന ഭക്തന്മാർ 80% ത്തിൽ കൂടുതൽ നില്ക്കുന്നു. ഇഷ്ടദൈവങ്ങളുടെ പ്രീതി ഭാരതത്തിലെ ഓരോ ക്ഷേത്രങ്ങളിലും തീർത്ഥാടനം ചെയ്ത് സമ്പാദിക്കുന്നവർ ലക്ഷോപലക്ഷം പേരാണ്. ഇഷ്ടദൈവ പ്രീതിക്ക്വേണ്ടി ക്ഷേത്രങ്ങൾ തോറും തീർത്ഥാടനം നടത്തുന്നത് ഓരോ വ്യക്തിയുടേയും വ്യക്തിസ്വാതന്ത്ര്യമാണ്. അതിനെതിരെ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താലാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതേപോലെ പല ക്ഷേത്രങ്ങളിലും കടുത്തആചാരങ്ങളും അനുഷ്ടാനങ്ങളും പ്രാർത്ഥനാ രീതികളും വേറിട്ടുനില്ക്കുന്നു. ശ്രീ കൊട്ടിയൂർ പെരുമാൾ സന്നിധിയിൽ സ്ത്രീകൾ കടക്കാതിരിക്കാൻ വിലക്കേർപ്പെടുത്തിയ ദിവസങ്ങളുണ്ട്. അത് കൊട്ടിയൂർ ക്ഷേത്രത്തിലെ വിശേഷ ആചാരമാണ്. ശബരിമലയിൽ ഋതുമതികളാകാത്ത പെൺകുട്ടികളും ആർത്തവം നിലച്ച പ്രായമായ സ്ത്രീകളും മാത്രമാണ് ഇത്രയുംകാലം ക്ഷേത്ര ആചാരപ്രകാരം തീർത്ഥാടനം ചെയ്തിരുന്നത്. ശബരിമലയിൽ സ്ത്രീകൾക്ക് വിലക്ക് ഒരുകാല

ത്തുമുണ്ടായിരുന്നില്ല. എന്നിട്ടും സ്ത്രീകളെ ശബരി മല കയറ്റാൻ ശ്രമിക്കുന്നതിന്റെ പേരിൽ നാട്ടിൻപുറങ്ങളിലും ഗ്രാമീണരും നഗരവാസികളും ഒരു ചെറിയശതമാനം ആളുകളുമായി വാഗദാതത്തിലാണ്. ഒരു തവണയെങ്കിലും ശബരിമല കയറാത്തവർ അത് കമ്മൂണിസ്റ്റായാലും, കോൺഗ്രസ്സായാലും, ജാതിമതങ്ങളെ പ്രതിനിദാനം ചെയ്യുന്ന പാർട്ടികളായിരുന്നാലം, സോഷ്യലിസ്റ്റുകളായിരുന്നാലും, ആരായിരുന്നാലും അവർക്കാണ് ഇതുപോലുള്ള കാര്യങ്ങളിൽ അതിയായ പ്രത്യേകം താല്പര്യം. ശബരിമലയിൽ ശബരിമലയുടെ കീഴ്വഴക്കങ്ങളും ആചാരങ്ങളുമാണ് നിലനിൽക്കേണ്ടത്. ആരുടെയെങ്കിലും വെറുതെയുള്ള ചിന്തയിൽനിന്നുത്ഭവിക്കുന്ന അഭിപ്രായം കേട്ട് തിരുത്തൽ വാദിയാകാൻ ശബരിമലകാര്യത്തിൽ ഭക്തന്മാർ നിലപാടെടുക്കരുത്. സ്ത്രീകൾ ഉൾപ്പെടെ ഉത്സവനാളുകളിലും, മണ്ഡലത്തിനും, മകരവിളക്കിനും, എല്ലാ മാസങ്ങളിലും ആർക്കും പോകാവുന്ന അനുഷ്ടാനങ്ങളിൽ നിന്നു വ്യതിചലിക്കാതെ ഇന്നുള്ള നിലയിൽ ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുകയും വേണം. ഭക്തന്മാരുടെ മനസ്സിൽ ശബരിമലയെ നിയന്ത്രിക്കുകയും അതിന്റെ വസ്തുവകകൾ ഉപയോഗിക്കാനുള്ള അധികാരവും അവകാശവും കൈപ്പിടിയിൽ വെക്കുകയുംചെയ്യുന്നവരോട് കോപവും എതിർപ്പും ഉണ്ടാകുന്ന വിചിത്രമായ നിലപാടുകളിലൂന്നാതിരിക്കാൻ ശ്രദ്ധിക്കണം. ഖണ്ഡിപ്പിക്കുവാതിരിക്കാൻ വിചാരിക്കണം. ആത്മീയകാര്യങ്ങളിലെങ്കിലും ഇഷ്ടദൈവങ്ങളേയും ഇഷ്ടദേവാലയങ്ങളിലും പ്രാർത്ഥിക്കുവാനും വിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കുണ്ടാകണം. അതാണ് ഒരു നാടിന്റെ നിവർത്തി. ആത്മീയകാര്യങ്ങളിലെങ്കിലും സ്വന്തം ഇഷ്ടദേവാലയങ്ങളിൽ പ്രാർത്ഥിക്കാൻ ഭക്തന്മാർക്കായില്ലെങ്കിൽ അത് ഒരു നിവർത്തികേടാകും എന്ന് ഓർക്കുന്നത് ആരാധനാലയങ്ങളുടെ/ദേവാലയങ്ങളുടെ നല്ലതിനായിരിക്കും.






മുഖചിത്രം
സംയുക്ത വർമ്മ
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 February, March, April
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 3 - volume 2
Managing Editor, Publisher &
Owned by

Nakshthrarajyam E. Radhakrishnan
Edoli House, Kommeri **P.O**
Kozhikode- **673007,** Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**
**Price 10.00**

## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**


### ഇന്ത്യ, ജനാധിപത്യത്തിന്റെ ശ്രീകോവിൽ

ഇന്ത്യയിലെ സുതാര്യമായ ജനാധിപത്യ പ്രക്രിയയിൽ വോട്ടർക്ക് ബാലറ്റ് പേപ്പറിൽ വോട്ടു ചെയ്യുവാനുള്ള സംവിധാനം അനിവാര്യമാണ്. വോട്ടർമാർ ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയക്ക് വേണ്ടി ചെയ്യുന്ന ഓരോ വോട്ടും അവൻ വിശ്വസിക്കുന്ന സ്ഥാനാർത്ഥിക്ക് തന്നെ ചെയ്തു എന്ന് അഭിമാനിക്കാൻ വോട്ടുചെയ്യുന്നവർക്കും, ഇന്ത്യാ രാജ്യത്ത് സ്വാതന്ത്ര്യമുണ്ട്. എത്ര കോടി ചിലവിട്ടായാലും രാജ്യത്തിലെ മുഴുവൻ വോട്ടർമാർക്കും ബാലറ്റ് പേപ്പറിൽ വോട്ടു ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം. വോട്ടർമാരുടെ പരമാധികാരത്തിനു വേണ്ടി രാജ്യത്തെ പൊതുതെരഞ്ഞെടുപ്പിനു ചിലവിടുന്ന പണം ജനങ്ങളുടെ നല്ല ഇന്നന്നേയ്ക്കും നാളേയ്ക്കും ചിലവിടാൻ കരുതിവെച്ച നികുതിപ്പണമാണല്ലോ! എന്നു മാത്രമല്ല മറ്റുള്ള കാര്യങ്ങൾക്ക് വേണ്ടാത്തതിനും വേണ്ടുന്നതിനും പണം ചിലവഴിക്കുന്നത് ചുരുക്കിയാൽ രാജ്യത്തെ ദരിദ്ര നാരായണൻമാരായ വോട്ടർക്ക് തന്റെ പൗരത്വ ജീവിതത്തിനു വേരുറച്ച രാജ്യത്തെ ഭരണഘടനപ്രകാരമുള്ള തൊഴിലും സാമ്പത്തിക ചുറ്റുപാടുകളും വളർച്ചയിലെത്തിക്കുന്ന വ്യക്തികൾക്കും രാഷ്ട്രീയ കക്ഷികൾക്കും വോട്ടു ചെയ്യുവാനുള്ള നീതി നടപ്പോക്കിക്കൊണ്ട് രാജ്യത്തെ മുന്നോട്ടു നയിക്കുവാൻ ഭാരതത്തിന്റെ പൊതു ഖജനാവിൽ നിന്ന് ചിലവിടുന്ന പണം ഭരണകൂടത്തിന് നഷ്ടമായി കണക്കാക്കുകയും വേണ്ടതില്ലല്ലോ!

ലോകരാഷ്ട്രങ്ങളിൽ ഇന്ത്യയെക്കുറിച്ചു അവമതിപ്പുണ്ടാകുന്ന കള്ളവോട്ടു വാർത്തകളും ബാലറ്റുതട്ടിപ്പു വാർത്തകളും മുളയിലെ പ്രതിരോധിക്കുവാൻ, പാർലിമെന്റിൽ ആത്മാർത്ഥതയോടെ നിയമമവതരിപ്പിക്കുകയും ഭരണപക്ഷപാർട്ടികളും പ്രതിപക്ഷപാർട്ടികളും സഭയിൽ ആത്മാർത്ഥതയോടെ ഏകകണഠമായി വോട്ടുചെയ്യുകയും ചെയ്താൽ പോരെ? പത്ര- ചാനൽ മാധ്യമങ്ങളിലൂടെ സാധാരണ ജനങ്ങളുടെ മനസ്സിൽ ഇത്തരം ചോദ്യചിഹ്നമുണ്ടാകുകയാണ് രാജ്യത്ത്.

2019ലും, പിന്നീടുള്ള വർഷങ്ങളിലും നടക്കാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പുകളിലും നിയമസഭാ തെരഞ്ഞെടുപ്പുകളിലും ബാലറ്റുപേപ്പർത്തന്നെ വോട്ടിംഗിനു വേണ്ടി ഉപയോഗിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയ വീണ്ടും നടപ്പാക്കുകയും ചെയ്യുകയാവട്ടെ ഇന്ത്യയിൽ.

**മാനേജിംഗ് എഡിറ്റർ**




മുഖചിത്രം
(നക്ഷത്രരാജ്യം അവാർഡ്)
ആത്മിക പി. പി

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 May, June, July
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 4 - volume 2
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**
**Price 10.00**

**എഡിറ്റോറിയൽ**



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

# മഴക്കാലം

കേരളത്തിൽ ജൂൺ മുതൽ മഴക്കാലം ആരംഭിക്കുകയായി. രണ്ടു മാസത്തെ മധ്യവേനൽ അവധിക്കഴിഞ്ഞ് ജൂൺ 6 മുതൽ വിദ്യാർത്ഥികൾ പുതിയ ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന പുതു വിദ്യാഭ്യാസ വർഷവും.

വർഷക്കാലത്തോടനുബന്ധിച്ചുണ്ടാകാറുള്ള രോഗങ്ങൾ, മഹാവ്യാധികൾ, വെള്ളപ്പൊക്കക്കെടുതികൾ, ദാരിദ്യം തുടങ്ങിയവയും ആരംഭം കുറിക്കുന്ന ജൂൺ, ജൂലായ് മാസം കേരളത്തിൽ സാധാരണ ജനങ്ങൾ കഷ്ടതയുടെ ഭാരവും, ദാരിദ്യവും പേറുന്ന ദുരന്തങ്ങളുടെ മാസമായാണറിയപ്പെടുന്നത്. ദാരിദ്യം എന്നതിന് ഭരണതലത്തിലും ഭാഷ്യത്തിലും പ്രസക്തിയില്ലെങ്കിലും യാഥാർത്ഥ്യത്തെ കേരളത്തിലെ ദരിദ്രൻമാരിൽ നിന്ന് മറച്ചുവെക്കാനാവില്ലല്ലോ?. അവരും മനസ്സിൽ നെയ്യുന്നത് ക്ഷേമവും സുഭിക്ഷവുമായ കാലം തന്നെയാണുതാനും.

മത്സ്യത്തൊഴിലാളികൾക്കും മറ്റു നാടൻ തൊഴിൽ ചെയ്യുന്നവർക്കും ജൂൺ, ജൂലായ് മാസത്തിൽ തൊഴിൽ കുറയുന്നതു മൂലമുണ്ടാകുന്ന ദയനീയ സാമ്പത്തിക സ്ഥിതി ഉണ്ടാകുന്നത് കേരളത്തിൽ സർവ്വ സാണാരണമാണ്. ഇതിനെയെല്ലാം തരണം ചെയ്യാൻ മലയാളി ജനതക്കാവുമെങ്കിലും അതിനുള്ള കഴിവും ആർജ്ജവവും സാധാരണ ജനങ്ങൾക്കുണ്ടെങ്കിൽപ്പോലും ഭരണതലത്തിൽ ഏറ്റവുമധികം ജനക്ഷേമ പ്രവർത്തനങ്ങൾ നടക്കേണ്ടതായ മാസങ്ങളാണ് ജൂണും, ജൂലായും. രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള ഫീസിനും, പുസ്തകത്തിനും മറ്റു പഠനോപകരണങ്ങൾക്കും വേണ്ടി നട്ടം തിരിയുന്ന കാലം. മുറ്റത്തുള്ള സർക്കാർ സ്ക്കൂളുകൾ പൂട്ടിച്ചുകൊണ്ടും, ഭരണഘടന നമുക്ക് നൽകിയ സർക്കാർ തലത്തിൽ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനുള്ള അവസരം പാഴാക്കിയും നട്ടം തിരിയുന്ന രക്ഷിതാക്കളും ദയ

ക്കർഹരാണ്. കാരണം അവർക്ക് ഭരണകൂട സ്ഥാപനങ്ങളിൽ പരിപൂർണ്ണവിശ്വാസം വരാത്തതുകൊണ്ടാണല്ലോ ദാരിദ്ര്യവും കഷ്ടതയും വിലകൊടുത്തു വാങ്ങുന്നത്. ഭരണതലത്തിൽ പരിഹാരം കാണേണ്ട വിഷയം തന്നെയാണിത്. പ്രത്യേകിച്ചും അദ്ധ്യാപകരാകാൻ പഠനം നടത്തുന്നവരും, അദ്ധ്യപകരും, രാഷ്ട്രീയ ആദർശവാദികളും ചേർന്നുനിന്നുകൊണ്ട് ചിന്തിക്കേണ്ട സാധാരണ ജനങ്ങളുടെ രാഷ്ട്രീയ വിഷയം.



ഭരണകൂടങ്ങളുടെ അറിവിലേക്കായി രണ്ടു വാക്ക്! സ്വന്തം കുടുംബത്തിലെ ഭക്ഷണവും, വസ്ത്രം വാങ്ങലും മറ്റു എല്ലാവിധ ചിലവുകളും ചുരുക്കി, സ്വന്തം കുട്ടികൾക്ക് ഫീസ് കൊടുക്കുവാനും, പഠനോപകരണങ്ങൾ വാങ്ങുവാനും, തലവരി (കേപ്പിറ്റൽ ഫീ) കൊടുക്കുവാനും വേണ്ടി ദിശയറിയാതെ പരക്കം പായുന്ന രക്ഷിതാക്കളുടേയും വിദ്യാർത്ഥിവിഭാഗത്തിന്റെയും ക്ഷേമത്തിനായും-കൂടെ വെള്ളപ്പൊക്കം മഹാവ്യാധി പോലുള്ള ദുർഘട ഘട്ടങ്ങളേയും അതിജീവിക്കാൻ എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കും സാധിക്കുന്ന ജനകീയമായ പ്രവർത്തനം ഭരണതലത്തിൽ നിന്നുണ്ടാകട്ടെയെന്നു എല്ലാവരും പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

(മാനേജിംഗ് എഡിറ്റർ)






മുഖചിത്രം
നസ്രിയ നസീം
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 Aug, Sept, Oct
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 5 - volume 2
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri **P.O**
Kozhikode- **673007,** Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**
**Price 10.00**



## എഡിറ്റോറിയൽ

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

### ബക്രീദ് – സ്വാതന്ത്ര്യ ദിനം – ഓണം

കേരളത്തിലെ ജനങ്ങൾ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ബലി പെരുന്നാൾ– സ്വാതന്ത്ര്യ ദിനം– ഓണം എന്നി ദിവസങ്ങൾ വലിയ ആഘോഷമാക്കാനുള്ള ഒരുക്കത്തിലാണ്.

ബക്രീദ് :–ലോക മുസ്ലീം ജനവിഭാഗം ആഘോഷപൂർവ്വം കൊണ്ടാടുന്ന ഒരു മതപരമായ ചടങ്ങാണ് ബക്രീദ് ( ബലി പെരുന്നാൾ) മുസ്ലീം സ്ത്രീകൾ പത്ത് ദിവസം നോൽമ്പ് എടുക്കുന്ന മുഹറം പത്ത് കാലം പുണ്യദിനമായി കേരളത്തിലെ മുസ്ലീം സമുദായം ആഘോഷപൂർവ്വം കൊണ്ടാടുന്നു. നേർച്ച മൃഗങ്ങളെ ബലി കൊടുക്കുകയാണ് ബലി പെരുന്നാളിലെ വിശേഷാചാരം.

സ്വാതന്ത്ര്യ ദിനം:– ആഗസ്റ്റ് 15–ാം തിയ്യതി ഇന്ത്യൻ ജനത സ്വാതന്ത്ര്യ ദിനമായി വർഷം തോറും കൊണ്ടാടുന്നു. 1947 ആഗസ്റ്റ് 15 നാണ് ഇന്ത്യയ്ക്ക സ്വാതന്ത്ര്യം കിട്ടിയത്. ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യയെ സ്വതന്ത്രമാക്കാൻ ജനങ്ങൾ മഹാത്മജിയുടേയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും, അനേകം മഹാന്മാരായ നേതാക്കളുടെയും പിന്നിൽ സഹന സമര ഭടന്മാരായി അണിനിരക്കുകയും – സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ തീവ്രരാഷ്ട്രീയക്കാരായ ജനവിഭാഗവും ഇന്ത്യ സ്വതന്ത്രമാക്കുന്നതിനു വേണ്ടി സമരഭൂമിയിൽ അണിനിരക്കുകയും ബ്രിട്ടീഷുകാർ രാജ്യം വിടുവാനുള്ള സാഹചര്യം നിർമ്മിക്കുകയും ചെയ്തതിന്റെ ഫലമായി ഇന്ത്യക്ക് ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം കിട്ടി. ഒരു ഭൂപ്രദേശത്തെ പാക്കിസ്ഥാനായും മറ്റൊരു ഭൂപ്രദേശത്തെ ഇന്ത്യയായും വിഭജിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകിയത്. ഇന്ത്യയുടെ 73–ാം സ്വാതന്ത്ര്യദിനാചരണമാണ് 2019 ൽ നാം ആഘോഷിക്കുന്നത്.

ഓണം: മഹാബലി രാജാവ് കേരളം ഭരിച്ചിരുന്ന അല്ലലില്ലാത്ത, കള്ളപ്പറയും ചെറുനാഴിയും ഇല്ലാത്ത സുഭിക്ഷ കേരളത്തിനെ ഓർമ്മിക്കുന്ന ഒരു കേരളായാഘോഷമാണ് ഓണം. ഓണത്തിന് വീട്ടുമുറ്റത്ത് പൂക്കളം തീർത്ത് പ



ത്ത് ദിവസം പൂവിടുകയും പത്താം ദിവസത്തെ വലിയ ഓണത്തിന് ഓണ സദ്യ ഒരുക്കുകയും ചെയ്യുന്ന കീഴ്വഴക്കം മലയാളികൾ വർഷാവർഷം ആചരിച്ചു വരുന്നു. ഭൂമിയിലെ ഭരണകർത്താക്കൾക്കും ജനനായകന്മാർക്കും പാതാളവാസനായ മഹാബലി രാജവാഴ്ച ഓർമ്മപ്പെടുത്തുവാനും അനുകരിക്കുവാനും വർഷത്തിൽ ഒരിക്കൽ ഭൂമിയിലേക്ക് എഴുന്നള്ളുന്ന മഹാബലി ഭരണകാലത്തിലേക്ക് (സുഭിക്ഷമായ ആഹാരവും, വസ്ത്രവും, ജീവിതസാഹചര്യവും, വീടും, ഭൂമിയും)മലയാളികൾക്ക് ഏവർക്കും നൽകുന്ന ഓണക്കാലത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുവാനുള്ള നല്ല മനസ്സ് സർവ്വേശ്വരൻ ഭരണകർത്താക്കൾക്ക് നൽകട്ടെയെന്നും എല്ലാവർക്കും ബക്രീദ്-സ്വാതന്ത്ര്യദിനം-ഓണം ആശംസകളും നേരുന്നു.

മാനേജിംഗ് എഡിറ്റർ

■


## നക്ഷത്രരാജ്യം ത്രൈമാസിക

മാങ്കാവ്, കോഴിക്കോട്
ഫോൺ: 9847649567



മുഖചിത്രം
സ്നേഹ
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 November, December, 2020 January
RNI Title Code: KERMAL 16195 Dt: 22-06-2018
issue 6 - volume 3

Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**
**Ideal Graphics - Calicut**
**Price 10.00**

## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

## പ്രളയാനന്തര കേരളം

കേരളത്തിൽ വർഷത്തിൽ ഒന്നിൽ കൂടുതലും അത് മൂന്നു തവണയും, നാല് തവണയും, ചിലപ്പോൾ അതിൽ കൂടുതൽ തവണയും വെള്ളപ്പൊക്ക ദുരിതം ജനങ്ങൾ അനുഭവിക്കുകയാണ്. വീടും, വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട് കയറിക്കിടക്കാൻ വീടുപോലും ഇല്ലാത്ത സാധാരണ ജനങ്ങൾ ഇന്നും കഷ്ടതയും ദൈന്യജീവിതവും നയിക്കുന്ന കാഴ്ചകളാണ് സംസ്ഥാനത്ത് ഇന്നും നിലനിൽക്കുന്നത്. ഉടുതുണിക്ക് മറുതുണിയില്ലാതെ കൈയ്യിൽ കിട്ടിയതെല്ലാം വീട്ടിൽ നിന്ന് എടുത്ത് പാലായനം ചെയ്തും ജോലിയും കൂലിയുമില്ലാതെയും ജനങ്ങൾ കേരളത്തിൽ കഷ്ടപ്പെടുന്നുണ്ടെന്നതായുള്ള യാഥാർത്ഥ്യം അധികൃതർ ദയയോടെ കാണേണ്ടതായുണ്ട്. സർക്കാർ അധികൃതരുടേയും അതിനു മേൽനോട്ടം വഹിക്കുന്നവരുടേയും പ്രവർത്തനം സുതാര്യമായില്ലെങ്കിൽ വെള്ളപ്പൊക്ക കെടുതി അനുഭവിക്കുന്നവർ കോരന് കുമ്പിളിൽതന്നെ എന്ന അവസ്ഥയിലാകും. കേരളം ഗൾഫാണെന്നും അതുകൊണ്ടാണ് ഹിന്ദി സംസാരിക്കുന്ന സംസ്ഥാനക്കാരും ബംഗാളികളും തമിഴ് ജനതയും കേരളത്തിൽ ചേക്കേറുന്നതെന്നും പറയാൻ കൊള്ളാവുന്ന ഭാഷ്യമാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർക്ക് ജോലി വളരെയധികം കുറഞ്ഞിട്ട് മാസങ്ങൾ കൂടുതലായി. ഹിന്ദി സംസാരിക്കുന്നവരും, ബംഗാളികളും മറ്റും കേരളത്തിൽ നിന്നു തിരിച്ചു പോയിക്കൊണ്ടിരിക്കുന്നുണ്ടെന്നാണ് നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവരിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നവകേരളനിർമ്മിതിയോടൊപ്പം പഴയമനുഷ്യരെക്കൂടി അധികൃതർ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ന്യൂജനറേഷൻ എന്ന് ഉറക്കത്തിലും ഉണ്ണുമ്പോഴും പറഞ്ഞതുകൊണ്ട് ന്യൂജനറേഷന് രക്ഷപ്പെടാനാവില്ല എന്നുമാത്രമല്ല പഴയകാലങ്ങളിൽ ഉണ്ടായിരുന്ന അക്കാലങ്ങളിലെ ന്യൂജനറേഷന് വീട്ടിൽ റേഷനരികൊണ്ടു തന്നെ ചോറ് വെച്ച് തിന്നുകൊണ്ടിരിക്കേണ്ടതായിവരുകയും ചെയ്യും. ന്യൂജനറേഷനെ തൊഴിലിന്റെ മഹത്വം ബോധവൽക്കരിക്കുന്നതിനുപകരം അമേരിക്കൻ എം ബി എയിലേക്കും മറ്റു പ്രൊഫഷണൽ കോഴ്സുകളിലേക്കും ആകർഷിക്കുന്ന വിദ്യാഭ്യാസക്കച്ചവട സ്ഥാപനങ്ങളേയും ഉടമകളേയും പ്രോത്സാഹിപ്പിക്കുന്ന നടപടികൾ തുടർന്നു കൊണ്ടിരുന്നാൽ കേരളത്തിൽ ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിനു അന്യസംസ്ഥാനക്കാർ

തന്നെ വേണ്ടി വരും. തൊഴിലിന്റെ മഹത്വം അറിയുന്ന പഴയ തലമുറ തൊഴിലാളികളെ തൊഴിലാളികൾ എന്നുതന്നെ വിളിക്കാമായിരുന്നു.ഓട്ടോ ഓടിക്കുന്ന ഡ്രൈവർക്ക് പട്ടാപ്പകൽപോലും മീറ്റർ ചാർജും അതിന്റെ പകുതി എക്സ്ട്രാ ചാർജും ഈടാക്കാൻ നിയമത്തിന്റെ പരിരക്ഷയുണ്ടെന്ന് ഓട്ടോക്കാർ പറയുമ്പോൾ സാധാരണ ജനം ഓട്ടോയിൽപ്പോലും യാത്ര ചെയ്യാനാവാതെവലയുന്നു. ഇങ്ങിനെയെത്രയെത്ര ദുരിതങ്ങൾ. സാധാരണ ജനങ്ങളുടെ ദുരിതങ്ങൾക്കുനേരെ കണ്ണടക്കുന്ന ഭരണാധികാരികൾ തന്നെയല്ലെ ഇവിടെ ഒരുപിടി ആളുകൾ തീവ്രവാദവും ഭീകരപ്രവർത്തനവും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനുള്ള കാരണക്കാരായി മാറുന്നത്. പരിഹാരമാണ് വേണ്ടത്. സാന്ത്വനപ്രവർത്തനമാണ് ഭരണതലത്തിൽ ഉണ്ടാകേണ്ടത്.

**മാനേജിംഗ് എഡിറ്റർ**






മുഖചിത്രം
റോമാ
(ഫിലിം സ്റ്റാർ)


Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2020 Feb, March, April

**RNI Title Code: KERMAL 16195 Dt: 22-06-2018**

issue 7 - volume 3

Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala

Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com

WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**
**Ideal Graphics - Calicut**
**Price 10.00**


## എഡിറ്റോറിയൽ

### ഭരണഘടന



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

ഭാരതത്തിലൊട്ടുക്കും, പ്രത്യേകിച്ച് കേരളത്തിലും മന്ത്രങ്ങളും ജപങ്ങളുമായി ദിവസേനയെന്നോണം കേട്ടുകൊണ്ടിരിക്കുകയാണ് ഭാരതത്തിലെ ഭരണഘടനയെകുറിച്ച്. ഇന്ത്യൻ ഭരണഘടനയെ നിന്ദിക്കുന്നവരും, വന്ദിക്കുന്നവരും-പ്രാർത്ഥിക്കുന്നവരും രണ്ടു വിഭാഗക്കാരുടേയും നാവിൻ തുമ്പിലൂടെ മലിനമാകുകയാണിന്ന് പാവനമായ ഇന്ത്യൻ ഭരണഘടന. ഡോ. അംബേദ്ക്കർ ഉൾപ്പെടെയുള്ള ധിഷണശാലികളായ ദേശസ്നേഹികളും മഹാരഥന്മാരായ ജനനേതാക്കളും ചേർന്ന് രാജ്യത്തിന്റെ കെട്ടുറപ്പിനു വേണ്ടി ഭരണഘടന എഴുതിയുണ്ടാക്കി. ഭാരതത്തിന്റെ ഭരണസാരഥികളും, ദേശീയ നേതാക്കളും ദേശീയ പ്രസ്ഥാനങ്ങളും ഭരണകൂടവും നിത്യേനെയെന്നോണം ഓർത്തുകൊണ്ടിരിക്കുന്നതിനും ഭാരത-സംസ്ഥാന ഭരണ സാരഥികൾ അവഗണിക്കുന്ന തങ്ങളുടെ ആവശ്യങ്ങൾ പൗരന് രാജ്യത്ത് നീതിന്യായ കോടതികളിൽ കൂടി തീർപ്പാക്കി കിട്ടാനും, രാജ്യകെട്ടുറപ്പിനും വേണ്ടിയാണ് ഭാരതത്തിന്റെ ഭരണഘടന ലോകത്തിന്റെ തന്നെ നെറ്റിയിലെ പൊൻതൂവലായി രാജ്യപുരോഗതിക്കും നന്മക്കും വേണ്ടി എഴുതി ഉണ്ടാക്കപ്പെട്ടത്.

ഭരണഘടന വിഭാവനം ചെയ്യുന്ന സാർവ്വത്രീക ജനങ്ങൾക്കും സൗജന്യ വിദ്യാഭ്യാസവും, തൊഴിലും ഉൾപ്പെടെ പല ജനകീയ പദ്ധതികളും രാജ്യത്ത് വർഷാവർഷങ്ങളിലായി അട്ടിമറിക്കപ്പെടുന്നുണ്ട് എന്നത് ഒരു അരമന രഹസ്യമൊന്നുമല്ല. അങ്ങാടി പാട്ടുകൂടിയാണ്. ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയും നന്മക്കു വേണ്ടിയും, ഇത്തരം ഭരണഘടനാ വിരുദ്ധരായ ഛിദ്രശക്തികൾക്കെതിരെ രാജ്യത്ത് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആത്മാർത്ഥമായി സമരം ചെയ്യുന്നതായി ആർക്കും മനസ്സിൽ തോന്നിയിരിക്കാറില്ല. ഇന്നത്തെ പരിതാപകരമായ സ്ഥിതി എല്ലാപ്രസ്ഥാനങ്ങളും വികസനമെന്ന മന്ത്രജപത്തിന്റെ മറവിൽ ധനവാന്മാരായ വിദ്യാഭ്യാസ കച്ചവടക്കാരുടെയും കോർപ്പറേറ്റു മുതലാളിമാരുടെ കൂടെ ചേരുകയാണ് എന്നതുകൂടിയാണ്. ഭരണഘടന പ്രകാരം രാജ്യത്തിലെ ജനങ്ങൾ അനുഭവിക്കേണ്ടിയിരുന്ന എന്തെല്ലാം തുല്യതകളാണിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ജീവിക്കാനും സമ്പാദിക്കാനും പണം നേടാനുമുള്ള അവസരം ഏതെങ്കിലും ഒരു ചെറിയ വിഭാഗത്തിനു മാത്രമായി ചുരുങ്ങുന്ന വിധത്തിൽ ഭരണസാരഥ്യം വഹിക്കുന്നവർ, ജനകീയരാണെങ്കിലും-ഏത് രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ മാത്രം ചുരുങ്ങി പ്രവർത്തിക്കുന്നവരാണെങ്കിലും അവർ ജനവിരുദ്ധർ തന്നെയാണ്. ഭരണഘടനയെ പ്രാർത്ഥിക്കുകയും പ്രകീർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നത് സാർവ്വത്രീകമായ ജനങ്ങൾക്കും പണം സമ്പാദിക്കുവാനും ദിനവും വേതനം ഏറ്റവും അധികം ലഭിക്കുന്ന എല്ലാവരേയുംപോലെ മാന്യമായി എല്ലാവർക്കും ധനസമ്പാദന മാർഗ്ഗങ്ങളും ജീവിതവേതന പുരൊഗതിയും ഉണ്ടാകത്തക്ക പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനു വേണ്ടിയാകണം. ഏതെങ്കിലും മതവിഭാഗങ്ങളെ അത് ഹിന്ദുവായിരുന്നാലും മുസ്ലീമായിരുന്നാലും കൃസ്ത്യാനിയായിരുന്നാലും അവരുടെ വോട്ട് ബാങ്ക് കൈക്കലാക്കാനായി മാത്രം ഭരണഘടനയെക്കുറിച്ച് ഘോരംഘോരം പറയുന്ന പ്രസ്താനങ്ങളെല്ലാം മഹത്തായ ഇന്ത്യാരാജ്യത്തിലെ ഭരണഘടനയെ നിന്ദിക്കുകയാണ് ചെയ്യുന്നത് എന്നോർക്കേണ്ടിയിരിക്കുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ഇതാണ് സാധാരണ ജനങ്ങൾ ധരിച്ചു വെച്ചിരിക്കുന്നത് എന്ന കാര്യം മറവിയുടെ മാറാല പിടിക്കാതിരിക്കാൻ ഭരണകൂടങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഓർക്കുന്നത് ജനക്ഷമത്തിന് ഉത്തമമാണ്.



മുഖചിത്രം

**പി. സ്മാരക നിലയം
കൊല്ലങ്കോട് വെച്ചുള്ള
തകഴി-നക്ഷത്രരാജ്യം
അവാർഡ് ദാന ആഘോഷം**


Nakshatra Rajyam
TRI Monthly (QUARTERLY) Magzine
2020 May, June, July
RNI Title Code:KERMAL 16195
(Reg. Dt: 22-06-2018)
issue 8 - volume 3
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri **P.O**
Kozhikode- **673007,** Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**

**Ideal Graphics - Calicut**

**Price 10.00**

## എഡിറ്റോറിയൽ



## കൊറോണ രോഗവിമുക്തി “ലോക്ക്ഡൗൺ” കാലം.

ലോകത്തിലെല്ലായിടത്തും പോലെ കൊറോണ രോഗം പിടികൂടിയ ഭാരതത്തിലും, രോഗം പടരാതിരിക്കാനും രോഗവിമുക്തിയ്ക്കും വേണ്ടി ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. ജനങ്ങൾ കൊറോണ ഭീതിയിലാണ്. കൊറോണ രോഗം സമൂഹപകർച്ച വ്യാധിയാണ് എന്നുള്ളത് വസ്തുതപരമായി യാഥാർത്ഥ്യമാണ്. അതുകൊണ്ട്ത്തന്നെ ജനജീവിതം ദുസ്സഹമായി. ജോലി ചെയ്തും കച്ചവടത്തിലൂടെയും മറ്റും അന്നന്നു ജീവിച്ചുകൊണ്ടിരിക്കുന്നവരുടെ ജീവിതം അതിലേറെ കഷ്ടതയിലായി. ബാങ്കുകളിൽ നിന്നു ലോണെടുത്തവർ തിരിച്ചടവു മുടങ്ങിയതിനാൽ വരും മാസങ്ങളിലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള തിരിച്ചടവിനെ കുറിച്ചു ഓർത്ത് ഖിന്നരും പരിഭ്രാന്തരും ആണ്.

2020 മേയ് 31 ന് ലോക്ക്ഡൗൺ അവസാനിക്കുമെന്നുള്ള വാർത്തകൾ യാഥാർത്ഥ്യമായാലും ഇനിയുള്ള എല്ലാ ദിവസങ്ങളിലും ജനങ്ങൾ കുറച്ചു കാലത്തെങ്കിലും അസന്തുഷ്ടരായിരിക്കും. അവരുടെ അക്കൗണ്ടിലോ കൈകളിലോ പണമില്ലാത്ത ദുഃഖകരമായ കാലം. കൊറോണയേക്കാൾ ജനങ്ങൾ ഭയപ്പെടുന്നത് ഇത്തരമൊരു അവസ്ഥയെയാണ്. വീട്ടിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നിശ്ചയിച്ച കല്ല്യാണം നടത്തുവാനുള്ള പങ്കപ്പാട്. കച്ചവടം നേരെചൊവ്വയായി വരുവാനുള്ള കച്ചവടക്കാരുടെ ദുരിതനാളുകൾ. പണിയില്ലാത്തതിന്റെ പേരിൽ വീട്ടിൽ ഇരിക്കേണ്ടി വരുന്ന തൊഴിലാളികളുടെ അസന്തുഷ്ഠി. ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാറുകർക്ക് നേരിടാൻ പലതരത്തിലുള്ള വിഷമതകൾ ഉണ്ടാവാം. ഖജനാവിൽ പണമില്ല ശമ്പളം കൊടുക്കാനും ഭരണ സംവിധാനത്തിനും എന്നുള്ളത് യാഥാർത്ഥ്യം തന്നെയുമാവാം എന്നാൽ പണമില്ലാത്ത സർക്കാരുകളെയല്ല ജനങ്ങൾക്ക് ആവശ്യം. ഭരിക്കാൻ കഴിവുള്ള ഭരണ നേതൃത്വത്തെയാണ് ജനങ്ങൾക്കിന്നാവശ്യം.

ലോക്ക്ഡൗൺകാലത്ത് ജനങ്ങൾക്ക് ശുഭാപ്തി വിശ്വാസത്തിലൂടെ ആത്മവീര്യം നൽകാൻ കേരള സംസ്ഥാന ഭരണകൂടത്തിനും കേന്ദ്രഭരണകൂടത്തിനും കഴിഞ്ഞുവെന്നുള്ള കാര്യം സ്തുത്യാർഹമാണ്. സർക്കാരിലേക്ക് അധികവരുമാനമുണ്ടാകുന്ന മേഖലകളായ മദ്യം നിരോധിച്ചതും ലോട്ടറി മാറ്റിവച്ചതും സർക്കാർ ഖജനാവിന് വൻ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയെന്നതും, മുഖവിലക്കെടുത്തിരുന്നാലും ഇവ രണ്ടും കാലാകാലങ്ങളിലും എന്നും ജനങ്ങൾക്ക് ദുസ്സഹജീവിതം സമ്മാനിയ്ക്കുന്നുവെന്ന് ജനങ്ങൾ തന്നെ ഉരുവിടുന്നു. കേരളസർക്കാറിന്റെ ഏതെങ്കിലും ടിക്കറ്റ് എടുത്താൽ മാസങ്ങളോളവും വർഷങ്ങളോളവും ഒരു മിനിമം ഗ്യാരണ്ടി സമ്മാനം പോലും കിട്ടാതെ എന്തിനാണ് ഞങ്ങൾ ടിക്കറ്റ് എടുക്കുന്നത് എന്നു ചോദിക്കുന്നവരോട് മുട്ടുന്യായം അവതരിപ്പിച്ചതുകൊണ്ടു കാര്യമില്ല. ടിക്കറ്റെടുക്കുന്നവരെല്ലാം ചൂതാട്ട മാനസിക നിലയിൽ നിന്നു പെട്ടെന്നു പണക്കാരനാകാൻ ടിക്കറ്റെടുക്കുന്നവർ അല്ല എന്ന സത്യം നാം മനസ്സിലാക്കണം. അങ്ങിനെയും ചിലരുണ്ടാകാം. എന്നാൽ തനിക്ക് മോഷ്ടിക്കുവാനം പിടിച്ചു പറിയ്ക്കുവാനും പറ്റാത്തതുകൊണ്ടാണ് അതായത് നിയമവിരുദ്ധ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ അഭിമാനബോധം സമ്മതിക്കാത്തതുകൊണ്ടാണ് 99% പേരും കഷ്ടതയിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമായി ലോട്ടറിയെ കണ്ടെത്തുന്നത്. വർഷങ്ങളോളം ടിക്കറ്റെടുക്കുന്നവരെ എല്ലാ കാലവും കബളിപ്പിക്കാമെന്ന വ്യാമോഹം ഭരണാധികാരികൾ കൈവെടിയണം. അതുകൊണ്ട് തന്നെ നല്ലൊരു ഭരണാധികാരിയായി പുകൾപ്പെറ്റ കേരള മുഖ്യമന്ത്രിയും സഹമന്ത്രിമാരും കേന്ദ്രഭരണകൂടവും മദ്യത്തിന്റേയും, ലോട്ടറിയുടേയും, പൊതുമേഖലയുടേയും കാര്യത്തിലെടുക്കുന്ന തീരുമാനം സധാരണജനങ്ങൾക്കൊരു സാമ്പത്തിക മൂലധനമായിരിക്കും. കൂടെ സന്തോഷ ജീവിതത്തിനു നൽകുന്ന വകയുമായിരിക്കും എന്ന്സ്വന്തം മനസ്സിൽഓർത്ത് ഭരണകൂടം പ്രായോഗികമായിപ്രവർത്തിക്കുക.

മാനേജിംഗ് എഡിറ്റർ
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ




മുഖചിത്രം
**മമ്ത മോഹൻദാസ്**
(ഫിലിം സ്റ്റാർ)


Nakshatra Rajyam
TRI Monthly (QUARTERLY Magazine
2020 AUG, SEP, OCT
**RNI Title Code: KERMAL 16195**
Issue 9 - volume 3
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
SAYOOJ MAYANAD
**Price 10.00**


## എഡിറ്റോറിയൽ



# ദുരന്തകാലം


**കോ**വിഡ്–19 ഒരു മഹാവിപത്തായി രാജ്യത്താകെയുള്ള ജനങ്ങളെ കൊലചെയ്യുന്ന രാക്ഷസനായി വിരാജിക്കുകയാണ്. 2 കോടിയിൽപരം ആളുകളെ ബാധിച്ചു. മരണം 7.6 ലക്ഷമായി. അതിലേറെ പേർ കൊറോണവൈറസ് ബാധിച്ച് ആശുപത്രികളിലും മറ്റു ക്വോറന്റൈയിൻ കേന്ദ്രങ്ങളിലും സമ്പർക്കമില്ലാതെ കഴിയുന്നു.

ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ മറ്റു രാജ്യങ്ങളെയും സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കൂടുതൽ നാശം വിതയ്ക്കാൻ കോവിഡ് – 19ന് കഴിഞ്ഞിട്ടില്ലെങ്കിലും രണ്ടുതവണത്തെ വെള്ളപ്പൊക്കവും, നോട്ടുനിരോധനം മൂലമുണ്ടായ തൊഴിലവസക്കുറവും, ഓക്കി കൊടുങ്കാറ്റും, വിലക്കയറ്റവും മൂലം ദരിദ്രരും അശരണരുമായ ഭൂരിപക്ഷം ജനങ്ങളും "സ്വതേ ദുർബല അതിന്റെ കൂടെ ഗർഭിണി" എന്ന സ്ഥിതിയിൽ ജീവതനാളുകൾ പങ്കിടുകയാണ്.

സൗജന്യ റേഷനും, സൗജന്യ കിറ്റും സാധാരണ ജീവിതം നയിക്കുന്ന ജനങ്ങളെ തെല്ലൊന്നു ആശ്വാസത്തിലാക്കിയെങ്കിലും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന സമ്പർക്ക രോഗബാധ മൂലം കൊട്ടിയടക്കുന്ന കടകളും, റോഡുകളും, വിപണികളും തൊഴിലെടുത്തു ജീവിക്കുന്ന ജനങ്ങളെ കുറച്ചൊന്നുമല്ല ബാധിച്ചിരിക്കുന്നത്. തൊഴിൽ മേഖല പാടെ നിർജീവമാണ്. കെട്ടിട നിർമ്മാണ മേഖല അതിലേറെ തൊഴിലില്ലായ്മയുടെ ദുരിതമാണ് വിതയ്ക്കുന്നത്. ഇത്തരത്തിലുള്ള അവസ്ഥയിൽ സർക്കാർ മാസാമാസങ്ങളിൽ 2500 രൂപയെങ്കിലും എല്ലാ പൗരന്മാർക്കും വിതരണം ചെയ്യുവാനുള്ള തീരമാനമെടുക്കുന്നത് കേരളത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു ആശ്വാസമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ! ജനകീയ സർക്കാറിന്റെ ചുമതലയുമാണത്.

ജനങ്ങൾ ഭയപ്പെട്ടു ഉദാസീനരായിരിക്കുന്ന തരത്തിൽ "മനുഷ്യൻ മരിക്കാതിരിക്കാൻ ചട്ടക്കൂട് നിർമ്മിക്കുന്നു" എന്നതല്ല ഒരു ജനാധിപത്യ സർക്കാറിന്റെ ഇംഗിതം. മരിക്കാതിക്കാൻ ചട്ടക്കൂട് നിർമ്മിക്കുന്നതിനു ബദലായി "ജീവിക്കാനവനു മാർഗ്ഗവും സന്ദേശവും" നൽകുക വഴി ജനങ്ങൾ ആത്മവിശ്വാസം വീണ്ടെടുക്കും. "മരിക്കാതിരിക്കാൻ" എന്നതിന്റെ വിപരീതപദമായാണല്ലൊ "ജീവിക്കാൻ" എന്ന പദം പ്രയോഗിക്കുന്നത്. ജീവിക്കാൻ വേണ്ടി പൊരുതുന്ന ജനങ്ങൾ മരണത്തെ പുൽകാതിരിക്കാൻ പരിശ്രമശാലികളായിരിക്കും. ജനങ്ങൾ പരിഭ്രാന്തരാണ്. അവർ മരിക്കാതിരിക്കാൻ വേണ്ട മുൻ കരുതലുകൾ സ്വയം എടുക്കുവാൻ കഴിയുള്ളവരാണ്. പ്രചോദനമാണവർക്കാവശ്യം. രോഗത്തെ നിർമ്മർജനം ചെയ്യണം. പരിഭ്രാന്തിയുടെ മുൾമുനയിലാക്കരുത് മർത്ത്യജനകോടികളെ!. അതോടൊപ്പം ഭരണകൂടങ്ങൾ സാമ്പത്തികമായി ദരിദ്രരരായ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് ജീവിക്കാനാവശ്യമായ ഉദാരപ്രവർത്തനം ചെയ്യുകയും വേണം.

**മാനേജിംഗ് എഡിറ്റർ**






മുഖചിത്രം
എസ്.പി. ബാലസുബ്രഹ്മണ്യം
(സിനിമാ പിന്നണി ഗായകൻ)

**Nakshatra Rajyam**
TRI Monthly (QUARTERLY) Magazine
2020 November, December, 2021 January
RNI Title Code: KERMAL 16195 Dt: 22-06-2018
issue 10 - volume 3
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
LAYOUT
Nakshthrarajyam E. Radhakrishnan
COVER
Sayuj Mayanad
Price 10.

## എഡിറ്റോറിയൽ

# ഇലക്ക്ഷൻ



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ നിയമ സഭകളും കേരളത്തിൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയും, വരും വർഷങ്ങളിൽ സംസ്ഥാനവും ഭരിക്കുവാനുള്ള മേൽകോയ്മ നേടാനുള്ള അടവുകളും തന്ത്രങ്ങളും മുൻനിർത്തി കൊണ്ട് തെരഞ്ഞെടുപ്പു മത്സരരംഗത്ത് അരയും തലയും മുറുക്കി രാഷ്ടീയപാർട്ടികൾ. മുൻ ഭരണകാലങ്ങളിൽ മികവുകൾ പുലർത്തിയവർ തന്നെയായിരിക്കും ഇലക്ഷൻ രംഗത്ത് സംസ്ഥാനത്തെ അതികായകർ എന്നേറെക്കുറെ ഉറപ്പാണ്. ഏറ്റവും കൂടിയ നിലയിൽ ജനങ്ങൾ സംസ്ഥാനത്ത് സാമ്പത്തിക പരാധീനത നേരിടുന്ന കാലമാണ് നമുക്കു മുന്നിലുള്ളത്. ലോകമാകെ സാമ്പത്തികരംഗം തകർന്നു കുത്തനെ താഴോട്ടിറങ്ങി. ഭാരതത്തിലും സാമ്പത്തികരംഗം നാൾക്കുനാൾ ഇടിഞ്ഞു കൂപ്പുകുത്തി കൊണ്ടിരിക്കുകയാണ്. സമ്പന്നൻമാർക്ക് ജീവിക്കുവാനുള്ള ഒരു മരുപ്പച്ചയായി സാമ്പത്തിക രംഗത്തിനെ ഭരണകൂടം പൊളിച്ചെഴുതുന്ന കാഴ്ചയാണ് ഭാരതത്തിലുടനീളം പൊളിറ്റിക്ക്സിൽ നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അതിനു കൊടിയുടെ നിറമൊന്നും നോക്കേണ്ടതായ കാര്യമില്ല. ദരിദ്ര നാരായണജനങ്ങൾ എല്ലാവർക്കും വോട്ട് ബങ്കുകൾ.

വിശപ്പോ ദാഹമോ ദാരിദ്ര്യമോ ജീവിതത്തിൽ ഒരിക്കൽപോലും അനുവിക്കേണ്ടി വന്നിട്ടില്ലാത്തവർ ഭാരതത്തിലെ 130 കോടി ദരിദ്രനാരായണൻമാർക്കുവേണ്ടി നിയമങ്ങളുണ്ടാക്കുന്ന അതീവ ദയനീയസ്ഥിതിയിലാണിന്ന് പൊതുരാഷ്ടീയരംഗം. ഭരണഘടനപ്രകാരം നിയമ നിർമ്മാണ സഭയിൽ അംഗമാവാൻ ഇന്ത്യൻ പൗരനും വയസ്സ് 25 തികഞ്ഞവനും മാത്രം ആയാൽ മതിയെന്നു രാഷ്ട്രീയ പാർട്ടികൾ "അതും മഹാഭൂരിപക്ഷം തൊഴിലാളികളെയും ദരിദ്രജനങ്ങളേയും, ജീവിതസാഹചര്യം തീരെ മോശമായ ആദിവാസികളേയും, പുലയർ മഹാജനങ്ങളേയും പ്രതിനിധാനം ചെയ്യുന്ന പാർട്ടികൾ" തീരുമാനിക്കുന്ന നയവ്യതിയാനങ്ങൾ മൂലം ഭാരതത്തിൽ രാഷ്ട്രയ ഭീകര-തീവ്രവാദ സംഘടനകളുടെ ആവിർഭാവത്തിനും വളർച്ചയ്ക്കും ഒരു പരിധിവരെ വളമായിരിക്കുന്നു.

ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർന്ന് ഭരിക്കുവാൻ താല്പര്യപ്പെടുന്നവരെ തെരഞ്ഞെടുക്കേണ്ടത് നിയമസഭയിലേക്കായാലും, കോർപ്പറേഷനിലേക്കായാലും, മുൻസിപ്പാലിറ്റിയിലേക്കായാലും, പഞ്ചായത്തുകളിലേക്കായാലും വോട്ടർമാരുടെ കർത്തവ്യമാണ്. 5 വർഷം ജനങ്ങളെ ഭരിക്കുവാനുള്ള അധികാരം സമ്മതിദാനാവകാശത്തിൽകൂടി നിർവ്വഹിക്കുമ്പോൾ ആരാണ് നമ്മുടെ വികസനത്തിനുള്ള ബന്ധുവെന്നു നാം തന്നെ തീരുമാനമെടുക്കണം. നാം വികസിക്കുമ്പോൾ രാജ്യവും വികസിക്കും. രാജ്യവികസനം എന്നത് ജനങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിലും, സാമ്പത്തികവികസനവും, ആരോഗ്യവും, ആയുസ്സും ഉണ്ടാകുന്നതിൽനിന്നുണ്ടാവേണ്ടതാണ്. അതുകൊണ്ടതന്നെ നമ്മളിൽനിന്ന് സാമ്പത്തികരംഗം വികസിക്കണം. റോഡ് വികസിക്കണം. തൊഴിൽശാലകൾ വികസിക്കണം. റെയിൽ വികസിക്കണം. മറ്റെല്ലാ രംഗങ്ങളും വികസിക്കണം. വികസനത്തിന്റെ പേരിൽ ഭാരതത്തിലായാലും സംസ്ഥാനങ്ങളിലായാലും എല്ലാ പൗരന്മാരുടേയും ജീവിത നിലവാര ഉയർച്ചക്ക് കോട്ടംതട്ടാത്ത തരത്തിൽ പ്രവൃത്തിക്കുന്നവരെ വേണം വോട്ടർമാർ ഭരണയന്ത്രം ഏല്പ്പിക്കുന്നത്. കോവിഡ് മഹാമാരിയും, പ്രകൃതിക്ഷോഭവും വികസനത്തെ പിറകോട്ടടിപ്പിക്കുന്ന 2018, 2019, 2020 വർഷങ്ങളെ അതിജീവിച്ച് ഇനിയൊരു ക്ഷേമരാജ്യത്തിനായി ലക്ഷ്യമിട്ടുള്ള സമ്മതിദാനാവകാശം ജനാധിപത്യ ഭാരതത്തിൽ വോട്ടർമാർ വിനിയോഗിക്കണം. ■



മുഖചിത്രം
യു.എ. ഖാദർ
(പ്രശസ്ത സാഹിത്യകാരൻ)

**Nakshatra Rajyam**
TRI Monthly (QUARTERLY) Magazine
2021 FEBRUARY, MARCH, APRIL
RNI Title Code: KERMAL 16195 Dt: 22-06-2018
issue 11 - volume 3
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankave P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
LAYOUT
Nakshthrarajyam E. Radhakrishnan
COVER
Sayuj Mayanad
Price 10.

## എഡിറ്റോറിയൽ



## മലയാളിയുടെ വരപ്രസാദം

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

മലയാള സാഹിത്യത്തിനും കവിതാ പ്രസ്ഥാനത്തിനും "പൊൻതൂവൽ വഹിച്ച് " ഭാരതമൊട്ടുക്കു പറന്നുയർന്ന പ്രശസ്ത സാഹിത്യകാരൻ യുഎ. ഖാദറും, കവയിത്രി സുഗതകുമാരിയും നമ്മെ വിട്ടുപിരിഞ്ഞു എന്നത് ദുഃഖകരമാണ്.

എഴുത്തിലൂടെ മലയാളിയുടെ മനസ്സ് കീഴടക്കിയ ശ്രീ. യു.എ. ഖാദർ നാളുകളായി രോഗബാധിതനായി സ്റ്റേജിലേക്കുപോലും കോണിപ്പടികൾ കയറുവാനാവാതെ ഖേദകരമായ ചുറ്റുപാടിലായിരുന്നു ജീവിതത്തിലെ അദ്ദേഹത്തിന്റെ അവസാന നാളുകൾ.

നക്ഷത്രരാജ്യം-തകഴി അവാർഡ് ഏറ്റുവാങ്ങുവാനും, മറ്റു പലപ്പോഴായി നക്ഷത്രരാജ്യം പുസ്തക പ്രകാശന ചടങ്ങുകളിലും, വാർഷികങ്ങളിലും അദ്ദേഹം വളരെ ബുദ്ധിമുട്ടികൊണ്ടാണെങ്കിലും ചടങ്ങിനെത്തുമായിരുന്നു. 2008 ഒക്ടോബർ മാസം പ്രസിദ്ധികരണം തുടങ്ങിയ നക്ഷത്രരാജ്യം, "മാസിക" യായി പ്രസിദ്ധികരിച്ചുകൊണ്ടിരുന്ന 10 വർഷങ്ങളിലും അതിനുശേഷം അദ്ദേഹത്തിന്റെ മരണവർഷം 2021 വരെ "ത്രൈ മാസിക" യായി പ്രസിദ്ധികരിച്ചുകൊണ്ടിരുന്ന 3 വർഷം ഉൾപ്പെടെ 13 വർഷത്തിൽ മൂന്നോ നാലോ ലക്കം ഒഴികെ, ബാക്കിയെല്ലാ ലക്കങ്ങളിലും പ്രശസ്ത സാഹിത്യകാരനും സ്നേഹനിധിയുമായ ശ്രീ. യു.എ. ഖാദർ എഴുതിയ കഥകൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധികരിച്ചുകൊണ്ടിരിക്കുന്നതിനുള്ള ഭാഗ്യം നക്ഷത്രരാജ്യം മാനേജിംഗ് എഡിറ്റർ എന്ന നിലയിൽ എനിക്കു വളരെയധികം സന്തോഷമുണ്ടാക്കിക്കൊണ്ടിരുന്ന ഒരു അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ യു.എ. ഖാദർ എന്ന ഭാരതമൊട്ടുക്കു പ്രശസ്തിയാർജ്ജിച്ച ആ അതുല്യ പ്രതിഭയുടെ കഥകൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധികരിക്കുവാൻ സാധിക്കില്ലോ എന്നതും എന്നാൽ അതിലധികം ആ വാത്സല്യനിധിയുടെ കൈത്താങ്ങ് നക്ഷത്രരാജ്യത്തിനുണ്ടാകില്ല എന്നതും വളരെയധികം മനസ്സിൽ സങ്കടമുളവാക്കുന്ന ഒരു വിചാരം തന്നെയാണ്.

മലയാള കവിതാ പ്രസ്ഥാനത്തിൽ തീപ്പൊരി കവയിത്രിയും, പരിസ്ഥിതി പ്രവർത്തകയും ആയിരുന്ന ബഹുമാന്യയായ ശ്രീമതി. സുഗതകുമാരിയും നമ്മെ വിട്ടുപിരിഞ്ഞു. കേരളത്തിലെ ഒട്ടുമിക്ക പ്രശസ്തരുടേയും കഥകളും, കവിതകളും, ലേഖനങ്ങളും നക്ഷത്രരാജ്യം പ്രസിദ്ധികരിച്ചിട്ടുണ്ടെങ്കിലും സുഗതകുമാരിയുടേതായി ഒരു കവിത പ്രസിദ്ധികരിക്കുവാനും അവരുമായി ഒന്നു പരിചയപ്പെടുവാനും സാധിക്കാതെ ഇതുവരെ ഹതഭാഗ്യം വന്നു ചേർന്നതിനെക്കുറിച്ചു ഓർത്തു കുണ്ഠിതപ്പെടുകയാണ് അവരുടെ നിര്യാണവാർത്ത ശ്രവിച്ചതുമുതൽ. മരണം ഒരുനാൾ വന്നെത്തും എന്ന ദൈവ നിശ്ചയം ശ്രമതി. സുഗതകുമാരിയുടെ ജീവിതത്തിലും സംഭവിച്ചിരിക്കുന്നു എന്നു നമുക്കു സങ്കടപ്പെടാം. ശ്രീ. യു.എ. ഖാദർ എന്ന പ്രശസ്ത സാഹിത്യകാരനും, പ്രശസ്ത കവയിത്രി സുഗതകുമാരിക്കും, പ്രശസ്തരായും- പ്രശസ്തരാകാൻ അവസരം ഉണ്ടാകാതെ ഹതഭാഗ്യരായും ഇക്കാലയളവിൽ മൺമറഞ്ഞ മറ്റെല്ലാ സാഹിത്യകാർക്കും, കവികൾക്കും, അനുശോചനം രേഖപ്പെടുത്തുകയെന്ന എന്റെ കടമ മാനേജിംഗ് എഡിറ്റർ, സാഹിത്യകാരൻ, നാടകരചയിതാവ്, നാകഗാനരചയിതാവ്, എന്ന നിലകളിൽ സർവ്വമേഖലയിലും പ്രവർത്തിക്കുന്ന ഞാൻ സങ്കടത്തോടെ നിർവ്വഹിക്കുന്നു. ■




മുഖചിത്രം
കീർത്തി സുരേഷ്
(ഫിലിം സ്റ്റാർ)

**Nakshatra Rajyam**
TRI Monthly (QUARTERLY) Magazine
2021 MAY, JUNU, JULY
RNI Title Code: KERMAL 16195 Dt: 22-06-2018
Issue 12 volume 3
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankave P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
LAYOUT
Nakshthrarajyam E. Radhakrishnan
COVER
Sayooj Mayanad
Price 10.

## എഡിറ്റോറിയൽ



### ക്ഷാമകാലത്തിനൊരു അടികുറിപ്പ്

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

സാഹിത്യ, സംഗീത, നാടക, കലാപ്രവർത്തന മണ്ഡലത്തിലെ പ്രവർത്തകരുടെ ക്ഷേമ കാലം ഒന്നര വർഷത്തോളമായി ഇല്ലാതായിട്ട്. കോവിഡ് 19 പൊട്ടിപ്പുറപ്പെട്ട ശേഷം ആദ്യമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ച 2020 മാർച്ച് മാസം മുതൽ തുടങ്ങിയതാണ് നാടക, സംഗീത, സിനിമ കലാകാരന്മാരുടേയും, പത്രപ്രവർത്തകരുടേയും, സാഹിത്യ പ്രവർത്തകരുടേയും ക്ഷാമകാലവും കഷ്ടകാലവും. ഇവർ മാത്രമല്ല ഇന്ത്യാ രാജ്യത്തിലേയും വിശിഷ്യ നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിലേയും സാധാരണ ജനങ്ങൾ കടമെടുത്ത ബാങ്ക് ലോണുകളും മറ്റു കട ബാധ്യതകളും ദിവസം തോറും അധികരിച്ചു കൊണ്ടിരിക്കുകയും ബാങ്ക് അടവുള്ളവർക്ക് ലോൺ തിരിച്ചടക്കാൻ കഴിയാത്ത വിധം ബാങ്ക് പലിശയും മുതലും കുന്നുകൂടുകയാണ്. എല്ലാ വിധത്തിലും ക്ഷാമകാലമായി ഇനിയും എത്രനാൾ സാധാരണ ജനങ്ങൾക്ക് സമൂഹത്തിൽ പിടിച്ചുനിൽക്കാനാവും എന്നത് ഭരണകൂടങ്ങൾ ആലോചന ചെയ്യേണ്ടതും പരിഹാരം നിർവ്വഹിക്കേണ്ടതുമാണെന്ന് സാധാരണക്കാരായ ജനങ്ങൾ വിശ്വസിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം ക്ഷാമങ്ങൾക്ക് പരിഹാരം കാണുവാനും, പരിഹാരം നിർദ്ദേശിക്കുവാനും ഭരണകൂടങ്ങൾതന്നെ ഇക്കാലയളവിൽ തയ്യാറാവേണ്ടതാണ്. ചെറുകിട കച്ചവടക്കാരും, ചെറു വ്യാപാരികളും വ്യവസായികളും ഇനിയും ഒരു പ്രതീക്ഷക്ക് വഴിയില്ലാത്ത വിധം സാമ്പത്തികമായി കൂപ്പുകുത്തിയിരിക്കുന്നു.

സർക്കാർ അനുവദിക്കുന്ന കിറ്റും റേഷനരിയും ആരോഗ്യ ക്ഷേമപ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും സാധാരണ ജനങ്ങളെ ഒരു പരിധിവരെ ജീവിക്കാൻ സഹായിക്കുന്നുണ്ട്, എങ്കിൽപ്പോലും പഴയകാല തമിഴ് ജനതയെപ്പോലെ മനസ്സിൽ താൻ ഉയർന്നസാമ്പത്തിക സ്ഥിതിയിലിരിക്കണമെന്ന മോഹം വെടിഞ്ഞ്, മുന്നേറ്റത്തിനുള്ള ആർജ്ജവവും, നല്ല ജീവിത സാഹചര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുവാനുള്ള ആർജ്ജവവും നശിച്ച് എല്ലാവിധത്തിലും സമ്പന്നരുടെ ആശ്രയരായി മാത്രം ജീവിക്കുവാനും തന്റെ രോഷവും വിദ്വേഷവും "അധർമ്മത്തിനേയും അനീതിയേയും അക്രമത്തിനേയും എതിർക്കുന്ന സിനിമകളിലെ സിനിമാനായകന്മാരുടെ "അഭിനയ" കഥാപാത്രത്തെ തന്റെ ഉൾമനസ്സിൽ വ്യക്തിമുദ്രയായി പതിപ്പിക്കുകയും സമൂഹത്തിലെ അസമത്വങ്ങളെ എതിർക്കുവാനുള്ള തന്റെ ശക്തിയില്ലായ്മ മറക്കുകയും എന്നാൽ തന്റെ മനസ്സിലുള്ളത് കഥാപാത്രത്തിലൂടെ സാധ്യമാക്കിയ സിനിമാനായകന്മാരുടെ അനുഭാവികളാകുകയും, രസികസംഘങ്ങളിൽ അംഗങ്ങളാകുകയും ചെയ്യുന്നതിനു ഒരുങ്ങുന്ന അനാഥത്വ ജനവിഭാഗമായി ജനങ്ങളെ നയിക്കാതിരിക്കാൻ ഭരണകൂടങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്ന കാര്യം ഭരണകൂടങ്ങൾ വിസ്മരിച്ചുകൂടാ. അതോടൊപ്പം 1947 ആഗസ്റ്റ് 15-ാം തിയ്യതി അർദ്ധരാത്രി 12 മണിക്ക് ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടിയ ശേഷം കാലാകാലങ്ങളിലും എന്നും രാജ്യം സാമ്പത്തികമായി മുന്നേറികൊണ്ടിരിക്കുകയാണ് എന്നും എല്ലാ കാലത്തും അതുണ്ടാകുകയും വേണമെന്ന നന്മ മനസ്സോടെ രാജ്യം ഇനിയും വളരെയേറെ മുന്നേറട്ടെ എന്നും! ജനങ്ങൾ ആശ്വസിക്കട്ടെ എന്നും! എല്ലാ ജനമനസ്സുകൾക്കും പ്രത്യാശിക്കാം.

**മാനേജിംഗ് എഡിറ്റർ**